ബാക്കി ഭാഗം ചെയ്യുന്നതിന് ചില വ്യവസ്ഥകൾ പ്രകാരം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചിട്ടുണ്ട്. ഈ വകയ്ക്ക് 5 ലക്ഷം രൂപ കൂടി കോർപ്പറേഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ മുൻ കരാറുകാരി താൻ ചെയ്ത പണിയുടെ അളവിനെ സംബന്ധിച്ച തീരുമാനങ്ങൾക്കായി കോടതിയെ സമീപിക്കുകയും ടി കേസ് സംബന്ധിച്ച മറ്റു നടപടികൾ നടന്നുവരികയും ചെയ്യുന്നു. ടി കേസ്സിൽ വേഗം തീരുമാനമാക്കി കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് പണി തുടങ്ങുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

പനയം–കുഴിത്തടം ശുദ്ധജലവിതരണ പദ്ധതി

1181 [1785] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പെരിനാട് പഞ്ചായത്തിലെ പനയം–കുഴിത്തടം ജലവിതരണ പദ്ധതിയുടെ പണികൾ സ്തംഭിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പണികൾ എത്രയുംവേഗം പുനരാരംഭിച്ച് പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വേണ്ടത്ര ധനം ലഭ്യമാകുകയും റെയിൽവേ ലൈനിന് കുറുകെ പൈപ്പിടുന്നതിന് റെയിൽവേ അധികൃതരിൽ നിന്നും അനുവാദം ലഭ്യമാകുകയും ചെയ്താൽ എത്രയുംവേഗം പണികൾ പുനരാരംഭിച്ചു പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

മുതിരപ്പറമ്പിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള നടപടികൾ

1182 [1787] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺട്രോത്തുരുത്ത് പഞ്ചായത്തിലെ മുതിരപ്പറമ്പിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പണികൾ ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ എത്രയും വേഗം ആരംഭിക്കുവാൻ വേണ്ടത് ചെയ്യുമോ ?

ഉത്തരം

(എ) 1,38,375 രൂപ അടങ്കൽ തുക വരുന്ന എസ്റ്റിമേറ്റ് ആയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഈ പണിക്ക് വേണ്ടിയുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ പ്രത്യേക അനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള അനന്തര നടപടികൾ എടുത്തുവരുന്നു.

(ബി) പണത്തിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly